DESPATCHED
On. 13/8/21.....

2/8/21

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in

ഹർജി നമ്പർ **AP 299(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.4033/SIC-Gen4/2021**

സന്നിഹിതൻ
ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 ആഗസ്റ്റ് 2

ശ്രീ. ഷൈജുകുമാർ കെ.,
സെക്രട്ടറി,
അഴിമതി വിരുദ്ധ ജനകീയ കേന്ദ്രം,
കളത്തിൽപാറ ഹൗസ്, നരിക്കുനി പി.ഒ.,
കോഴിക്കോട് – 673 585.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി,
   നരിക്കുനി ഗ്രാമ പഞ്ചായത്ത്,
   നരിക്കുനി പി.ഒ., കോഴിക്കോട്.
2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
   സിവിൽ സ്റ്റേഷൻ, കോഴിക്കോട് – 673 020.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 19.9.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.10.2020 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 11.11.2020 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 10.12.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18.3.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 22.3.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.3.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 19.4.2021 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 30.7.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഷൈജുകുമാർ കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവ് ഉണ്ടായിട്ടും നാളിതുവരെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം

എതിർകക്ഷി അനുവദിച്ച് നൽകിയിട്ടില്ലെന്നും ആയതിനാൽ 19.9.2020ന് ടിയാൻ നൽകിയ അപേക്ഷയ്ക്ക് കൃത്യവും വ്യക്തവുമായ മറുപടി ലഭ്യമാക്കണമെന്നും നിയമവിരുദ്ധമായി പ്രവർത്തിച്ച ഒന്നാം എതിർകക്ഷിയ്ക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നും ടിയാന് നഷ്ടപരിഹാരം വാങ്ങി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 19.9.2020–ൽ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

(i) നരിക്കുനി പഞ്ചായത്തിൽ എത്ര താത്ക്കാലിക കൊമേർഷ്യൽ ഷെഡ് നിർമ്മിക്കുന്നതിന് അനുമതി പത്രം നൽകിയിട്ടുണ്ടെന്നും ഈ അനുമതി പത്രത്തിനു എത്ര അപേക്ഷകൾ നൽകിയിട്ടുണ്ടെന്നും അപേക്ഷകന്റെ പേരും വിവരങ്ങളും അപേക്ഷയും അതിനോടൊപ്പം നൽകിയ എല്ലാ രേഖകളുടെയും ഫോട്ടോ കോപ്പി നൽകണമെന്നും

(ii) എത്ര അപേക്ഷകൾക്ക് നിർമ്മാണ അനുമതി പത്രം നൽകിയെന്നും നൽകിയ മുഴുവൻ അനുമതി പത്രങ്ങളുടെയും ഫോട്ടോ കോപ്പി നൽകണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ പ്രസ്താവിച്ചത്, ടിയാനോട് ഇല്ലാത്ത ഫയൽ പരിശോധിക്കാൻ ആവശ്യപ്പെട്ടെന്നും അപേക്ഷയ്ക്ക് പൂർണ്ണമായ മറുപടി ലഭ്യമാക്കണമെന്നും നിയമ വിരുദ്ധമായി പ്രവർത്തിച്ച ഉദ്യോഗസ്ഥനെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നും ടിയാന് നഷ്ട പരിഹാരം നൽകണമെന്നുമാണ്. ടി അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1 മുതൽ 4 വരെയുള്ള ചോദ്യത്തിന് 11–ാം വാർഡിലെ 224/2 റീ സർവ്വെയിലെ താത്ക്കാലിക ഷെഡിന്റെ നിർമ്മാണം സംബന്ധിച്ചുള്ള വിവരങ്ങളും രേഖകളും പരിശോധിക്കാനുള്ള അവസരവും നൽകാനാണ് ആവശ്യപ്പെട്ടതെന്നും ആയതിന് റീസർവ്വെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിക്കുന്നില്ലെന്നും താത്ക്കാലിക അടിസ്ഥാനത്തിൽ ഷെഡിന് നിർമ്മാണ അനുമതി നൽകിയിട്ടില്ലെന്നും അപേക്ഷകന്റെ പേര്, പെർമിറ്റ് നമ്പർ, തീയതി എന്നിവ സഹിതം അപേക്ഷിച്ചാൽ മാത്രമേ വിവരം നൽകാൻ സാധിക്കുകയുള്ളുവെന്നും ഇതുമായി ബന്ധപ്പെട്ട് നിലവിൽ ഓഫീസിൽ ലഭ്യമായ രജിസ്റ്ററുകളും ഫയലുകളും പരിശോധിക്കാവുന്നതാണെന്നു മറുപടി നൽകിയിട്ടുള്ളതാണെന്നും ടിയാന്റെ അപേക്ഷയിൽ 11–ാം വാർഡ് സംബന്ധിച്ച വിവരമാണ് ആവശ്യപ്പെട്ടിരുന്നത് എന്നും എന്നാൽ പ്രസ്തുത വിഷയം ഉൾപ്പെട്ട സ്ഥലം (റീസർവ്വെ 224/2) 11–ാം വാർഡിൽ തന്നെയാണോയെന്ന് ആധികാരികമായി ഉറപ്പാക്കുന്ന രേഖകൾ നരിക്കുനി പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാലണ് അപേക്ഷകന്റെ 5, 6 ചോദ്യത്തിന് അപ്രകാരം മറുപടി നൽകിയതെന്ന് എസ്.പി.ഐ.ഒ ബോധിപ്പിച്ചതെന്നും താത്ക്കാലിക വാണിജ്യ ഷെഡിന് അനുമതി നൽകിയിട്ടില്ലെന്ന വിവരം എസ്.പി.ഐ.ഒ നൽകിയിട്ടുണ്ടെന്നും റീ സർവ്വെ നമ്പറും, വാർഡ് നമ്പറും നൽകി 2015 മുതൽ 2020 വരെയുള്ള കെട്ടിട നിർമ്മാണ രജിസ്റ്റർ പരിശോധിച്ച് വിവരം നൽകുക എന്നത് ഓഫീസ് പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതാണെന്നും ഓഫീസിൽ ലഭ്യമായ രജിസ്റ്ററുകൾ പരിശോധിക്കാൻ

അപേക്ഷകന് അവസരം നൽകിയതിനാൽ എസ്.പി.ഐ.ഒ വിവരം നൽകുന്നതിൽ മന:പൂർവ്വം വീഴ്ച വരുത്തിയിട്ടില്ലെന്നും എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട 5, 6 എന്നീ ചോദ്യങ്ങൾക്ക് വിവരങ്ങൾ/രേഖകൾ സൗജന്യമായി നൽകണമെന്ന് നിർദ്ദേശിച്ച് അപ്പീൽ തീർപ്പാക്കിയിട്ടുണ്ടെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 28.4.2021 ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷ 22.9.2020 തീയതി ഒന്നാം എതിർകക്ഷി ഓഫീസിൽ ലഭിച്ചിട്ടുണ്ടെന്നും അപേക്ഷയിലെ അഞ്ച് ചോദ്യത്തിനും ഓഫീസിലെ നിലവിലെ ലഭ്യമായ രേഖകൾ പരിശോധിച്ച ശേഷം വ്യക്തവും സുതാര്യവുമായ മറുപടികളാണ് നൽകിയിട്ടുള്ളതെന്നും തുടർന്ന് ടിയാൻ നൽകിയ അപ്പീൽ ഹർജിയിന്മേൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം താത്ക്കാലിക വാണിജ്യ ഷെഡിന് ഗ്രാമ പഞ്ചായത്തിൽ നിന്നും അനുമതി നൽകിയിട്ടില്ലെന്ന വ്യക്തമായ മറുപടി നൽകിയിട്ടുണ്ടെന്നും കൂടാതെ ഓഫീസിൽ ലഭ്യമായ രജിസ്റ്ററുകൾ പരിശോധിക്കുവാൻ അപേക്ഷകന് അവസരം നൽകുകയും ചെയ്തിട്ടുണ്ടെന്നും എസ്.പി.ഐ.ഒ ഓഫീസിൽ ലഭ്യമായ വിവരം നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടില്ലെന്ന് വിലയിരുത്തി അപ്പീലിൽ തുടർ നടപടികൾ ആവശ്യമില്ലെന്ന നിഗമനത്തിൽ അപ്പീൽ തീർപ്പാക്കി ഉത്തരവാക്കിയിട്ടുള്ളതാണെന്നും മറ്റുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് നൽകിയ മറുപടി തൃപ്തികരമല്ലെന്ന് കാണിച്ചു കൊണ്ടാണ് അപ്പീൽ സമർപ്പിച്ചതെന്നും ആയതിനെ തുടർന്ന് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ആയത് ലഭിക്കുകയും ചെയ്തുവെന്നും ഹർജിക്കാരന്റെ അപേക്ഷയിലെ 1 മുതൽ 4 വരെയുള്ള ചോദ്യത്തിന് നരിക്കുനി ഗ്രാമ പഞ്ചായത്തിലെ 11-ാം വാർഡിലെ 224/2 റീ സർവ്വെയിലെ താത്ക്കാലിക ഷെഡിന്റെ നിർമ്മാണം സംബന്ധിച്ചുള്ള വിവരങ്ങളും രേഖകളും പരിശോധിക്കാനുള്ള അവസരവും നൽകാനാണ് ആവശ്യപ്പെട്ടതെന്നും ആയതിന് റീസർവ്വെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിക്കുന്നില്ലെന്നും താത്ക്കാലിക അടിസ്ഥാനത്തിൽ ഷെഡിന് നിർമ്മാണ അനുമതി നൽകിയിട്ടില്ലെന്നും അപേക്ഷകന്റെ പേര്, പെർമിറ്റ് നമ്പർ, തീയതി എന്നിവ സഹിതം അപേക്ഷിച്ചാൽ മാത്രമേ വിവരം നൽകാൻ സാധിക്കുകയുള്ളുവെന്നും ഇതുമായി ബന്ധപ്പെട്ട് നിലവിൽ ഓഫീസിൽ ലഭ്യമായ രജിസ്റ്ററുകളും ഫയലുകളും പരിശോധിക്കാവുന്നതാണെന്ന് മറുപടി നൽകിയിട്ടുള്ളതാണെന്നും അപേക്ഷകൻ വിവരാവകാശ അപേക്ഷയിൽ 2015-20 കാലയളവിലെ വിവരങ്ങളാണ് ആവശ്യപ്പെട്ടതെന്നും കൂടാതെ വാർഡ് നമ്പറും സർവ്വെ നമ്പറും മാത്രമാണ് അപേക്ഷകൻ സൂചിപ്പിച്ചതെന്നും പബ്ലിക് ഇൻഫർമേഷൻ ഓഫീസർ താത്ക്കാലിക ഷെഡിന് അനുമതി നൽകിയിട്ടില്ലെന്നും വിവരങ്ങൾ ശേഖരിക്കാൻ രജിസ്റ്റർ പരിശോധിക്കുന്നതിനും അവസരം നൽകിയിട്ടുണ്ടെന്നും എന്നാൽ ഹർജിക്കാരൻ അവസരം പ്രയോജനപ്പെടുത്തിയിട്ടില്ലെന്നും ഹർജിക്കാരന്റെ അപേക്ഷയിലെ ആദ്യത്തെ ചോദ്യത്തിൽ 11-ാം വാർഡ് എന്ന് സൂചിപ്പിച്ചിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത വിഷയം ഉൾപ്പെട്ട സ്ഥലം (റീസർവ്വെ 224/2) 11-ാം വാർഡിൽ തന്നെയാണോയെന്ന് ആധികാരികമായി ഉറപ്പാക്കുന്ന രേഖകൾ നരിക്കുനി പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാലണ് അപേക്ഷകന്റെ 5, 6 ചോദ്യത്തിന് അപ്രകാരം മറുപടി നൽകിയതെന്ന് എസ്.പി.ഐ.ഒ ബോധിപ്പിച്ചതെന്നും താത്ക്കാലിക വാണിജ്യ ഷെഡിന് അനുമതി നൽകിയിട്ടില്ലെന്ന വിവരം നൽകിയിട്ടുണ്ടെന്നും റീ സർവ്വെ നമ്പർ, വാർഡ് നമ്പർ എന്നിവ മാത്രം നൽകി 2015 മുതൽ 2020 വരെയുള്ള കെട്ടിട നിർമ്മാണ

രജിസ്റ്റർ പരിശോധിച്ച് വിവരം നൽകുക എന്നത് ഓഫീസ് പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതാണെന്നും ഓഫീസിൽ ലഭ്യമായ രജിസ്റ്ററുകൾ പരിശോധിക്കാൻ അപേക്ഷകന് അവസരം നൽകിയതിനാൽ എസ്.പി.ഐ.ഒ വിവരം നൽകുന്നതിൽ മന:പൂർവ്വം വീഴ്ച വരുത്തിയിട്ടില്ലെന്നും അപേക്ഷകന്റെ 5, 6 എന്നീ ചോദ്യങ്ങൾക്ക് 20 ദിവസത്തിനുള്ളിൽ വിവരങ്ങൾ/രേഖകൾ അപേക്ഷകന് സൗജന്യമായി നൽകണമെന്ന് നിർദ്ദേശിച്ച് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നും മറ്റുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ടിയാന്റെ അപേക്ഷയ്ക്ക് കൃത്യവും വ്യക്തവും സുതാര്യവുമായ മറുപടി ലഭിക്കണമെന്നാണ് പ്രധാന ആവശ്യമെന്ന് കാണുന്നു. എന്നാൽ എപ്രകാരമുള്ള വ്യക്തതയാണ് ടിയാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല. ടിയാന്റെ എല്ലാ ചോദ്യങ്ങൾക്കും സമയബന്ധിതമായി തന്നെ എതിർകക്ഷികൾ മറുപടി നൽകിയിട്ടുള്ളതയി കമ്മീഷന് ബോധ്യമാകുന്നു. കൂടുതൽ വിവരങ്ങൾ നൽകുന്നതിന് ബന്ധപ്പെട്ട ഫയലുകൾ നേരിട്ട് പരിശോധിക്കുന്നതിന് അവസരവും നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരനുണ്ടായ നഷ്ടം എത്ര രൂപയാണ് ഉണ്ടായതെന്നോ എപ്രകാരമാണ് ടിയാന് നഷ്ടം ഉണ്ടായതെന്നോ അപ്പീലിൽ ബോധിപ്പിച്ചിട്ടില്ലാത്തതിനാലും അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് എതിർകക്ഷികൾ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുള്ള റിപ്പോർട്ടുകൾ വസ്തുതാപരമാണെന്ന് കാണുന്നു. എന്നാൽ ഹർജിക്കാരൻ വീണ്ടും ആവശ്യപ്പെടുകയാണെങ്കിൽ വിവരാവകാശ നിയമ പ്രകാരം ടിയാൻ ആവശ്യപ്പെട്ട ലഭ്യമായ രേഖകൾ നേരിട്ട് പരിശോധിക്കുന്നതിനും, ആവശ്യമായ രേഖകളുടെ പകർപ്പ് സൗജന്യമായി നൽകുന്നതിനുമുള്ള എല്ലാ സൗകര്യങ്ങളും ഒന്നാം എതിർകക്ഷി ചെയ്യേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജിയിലെ നടപടി അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2021 ആഗസ്റ്റ് 2–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bnk

RIGHT TO INFORMATION